## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 401

26.06.2014 ൽ മറുപടിക്ക്

# നെൽവയലുകൾ നികത്തൽ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ഇ.പി.ജയരാജൻ :<br>ശ്രീ.കെ.വി.വിജയദാസ് :<br>ശ്രീമതി.പി.അയിഷാ പോറ്റി : | ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |

| | | |
|---|---|---|
| (എ) | സംസ്ഥാനത്ത് നെൽവയലുകളുടെ വിസ്തൃതി വർഷം തോറും കുറഞ്ഞുവരുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) നെൽവയലുകളുടെ വിസ്തൃതി കഴിഞ്ഞ ഇരുപതു വർഷമായി കുറഞ്ഞു വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2006 - 07 ൽ 263529 ഹെക്ടർ നെൽവയൽ ഉണ്ടായിരുന്നത് 2012 - 13 വർഷം 197277 ഹെക്ടറായി കുറഞ്ഞിട്ടുണ്ട്. എന്നാൽ 2013 - 14 വർഷത്തെ എസ്റ്റിമേറ്റ് പ്രകാരം നെൽകൃഷി അൽപം കൂടിയതായാണ് കാണുന്നത്. |
| (ബി) | വ്യാപകമായി നെൽവയലുകൾ നികത്തപ്പെടുന്നതാണ് ഇതിന് കാരണമെന്ന് അറിവുള്ളതാണോ ; | (ബി) നെൽവയലുകൾ നികത്തപ്പെടുന്നതും കൃഷി ചെയ്യാതെ തരിശ്ശിടുന്നതും കൃഷിക്കുള്ള അടിസ്ഥാന സൌകര്യങ്ങൾ, നീർവാർച്ച സൗകര്യങ്ങൾ എന്നിവയുടെ അപര്യാപ്തതയും നെൽകൃഷി വിസ്തൃതി കുറയുന്നതിന് കാരണമാകുന്നുണ്ട്. ഇത് പരിഹരിക്കുന്നതിനായി കൃഷി വകുപ്പ് പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. 2013 - 14 വർഷം സുസ്ഥിര നെൽകൃഷി പദ്ധതി പ്രകാരം സംസ്ഥാന പദ്ധതിയിലൂടെ ഹെക്ടറിന് 1500/ രൂപ നിരക്കിലും ആർ.കെ.വി.വൈ പദ്ധതി പ്രകാരം ഹെക്ടറിന് 3000 രൂപ നിരക്കിലും ഉൾപ്പടെ 180522.7 ഹെക്ടറിൽ 80.8962 കോടി രൂപയുടെ ധനസഹായത്തോടെ നെൽകൃഷി സംസ്ഥാനത്ത് നടപ്പിലാക്കുകയുണ്ടായി. കൂടാതെ തരിശ്ശുനില കൃഷി പദ്ധതിക്കായി 566.33 ലക്ഷം രൂപയുടെ പദ്ധതി പ്രകാരം 1903.95 ഹെക്ടർ സ്ഥലത്ത് നെൽകൃഷി നടപ്പിലാക്കുകയുണ്ടായി. |

| | | | |
|---|---|---|---|
| (സി) | നെല്ലുൽപാദനം വൻതോതിൽ കുറയുന്നതിനും പാരിസ്ഥിതിക പ്രത്യാഘാതങ്ങൾ രൂക്ഷമാക്കുന്നതിനും ഇത് കാരണമായിട്ടുള്ള കാര്യം വിലയിരുത്തപ്പെട്ടിട്ടുണ്ടോ ; | (സി) | 2008 ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ ആക്ട് പ്രകാരം നെൽവയലുകളും തണ്ണീർത്തടങ്ങളും നികത്തുന്നതും പരിവർത്തനപ്പെടുത്തുന്നതും നിയന്ത്രിച്ചിട്ടുണ്ട്. ആക്ടിലെ വ്യവസ്ഥകൾ നടപ്പാക്കുന്നത് നിരീക്ഷിക്കുന്നതിനായി പ്രാദേശികതല നിരീക്ഷണ സമിതികൾ സംസ്ഥാനത്ത് നിലവിലുണ്ട്. നിയമത്തിലെ വ്യവസ്ഥകൾ കർശനമായി നടപ്പാക്കുന്നതിനു ജില്ലാ കളക്ടർമാർ മുഖേന നിർദ്ദേശം നൽകി വരുന്നു. |
| (ഡി) | അനധികൃതമായി നികത്തപ്പെട്ട പാടശേഖരങ്ങളും തണ്ണീർത്തടങ്ങളും ക്രമവൽക്കരിക്കുന്നതിന് സർക്കാർ നീക്കം നടത്തുന്നുണ്ടോ ; ഇതിനായി നിയമഭേദഗതി കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കാമോ ? | (ഡി) | പരിഗണനയിലില്ല.<br><br>സെക്ഷൻ ഓഫീസർ |